# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **919** — **09/8/2017** -ലെ മറുപടി

## തൃപ്പൂണിത്തുറയിലെ കുടിവെള്ളക്ഷാമം

### ചോദ്യം

ശ്രീ. എം.സ്വരാജ്

(എ) തൃപ്പൂണിത്തുറ മേഖല ഉൾപ്പെടെയുള്ള പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേക്കായി ചൂണ്ടിയിൽ സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) വളരെ അത്യന്താപേക്ഷിതമായ ഈ നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

### മറുപടി

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ), (ബി) & (സി) തൃപ്പൂണിത്തുറ മേഖല ഉൾപ്പെടെയുള്ള പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേക്കായി ചൂണ്ടിയിൽ സ്ഥിരം തടയണ നിർമ്മിക്കുന്ന പ്രവൃത്തിയുടെ ആദ്യദർഘാസ് ക്ഷണിച്ചപ്പോൾ പങ്കെടുത്ത കരാറുകാരിൽ ആരും പ്രീ ക്വാളിഫിക്കേഷൻ നേടാത്തതിനാൽ പുനർ ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. ഈ പ്രവൃത്തി ജല അതോറിറ്റിയുടെ നിക്ഷേപ പദ്ധതിയായാണ് ജലസേചന വകുപ്പ് നടപ്പിലാക്കുന്നത്. പുനർ ദർഘാസിന്റെ നടപടികൾ വേഗത്തിൽ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ

JSK/